# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 94 — 12.03.15 ൽ - മറുപടിക്ക്

## റേഷൻ കാർഡുകൾ പുതുക്കുന്ന നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.കെ. നാരായണൻ<br>,, സി. രവീന്ദ്രനാഥ്<br>,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, പുരുഷൻ കടലുണ്ടി | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | റേഷൻ കാർഡുകൾ പുതുക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | റേഷൻ കാർഡുകൾ പുതുക്കുന്നതിനായി വിതരണം ചെയ്ത ഫോറം പ്രത്യേകം സംഘടിപ്പിക്കുന്ന ഫോട്ടോ ക്യാമ്പുകളിലൂടെ കാർഡുടമകളിൽ നിന്നും പൂരിപ്പിച്ചു വാങ്ങി, കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുന്ന നടപടിയാണ് നടന്നു വരുന്നത്. 31-03-15-ന് ഈ ഘട്ടം അവസാനിക്കുന്നതാണ്. |
| (ബി) | കാർഡുകൾ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കലും മറ്റ് നടപടി ക്രമങ്ങളും സാധാരണക്കാരായ കാർഡുടമകൾക്ക് വളരെയധികം പ്രയാസമുണ്ടാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പ്രാരംഭഘട്ടത്തിൽ ശ്രദ്ധയിൽപ്പെട്ട ചില പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പിന്നീട് ഒരു പരാതിയും ഉണ്ടാവാത്ത നിലയിൽ ക്യാമ്പുകൾ ഇപ്പോഴും തുടരുന്നു. |
| (സി) | ഇതിനായി തയ്യാറാക്കിയ ക്യാമ്പുകളിൽ വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്തതിനാലും സങ്കീർണ്ണതകളാലും സ്ത്രീകളും വൃദ്ധരും വളരെ ദുരിതമനുഭവിക്കേണ്ടി വന്നകാര്യം അറിവുള്ളതാണോ; | (സി) | പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുള്ളത്. ക്യാമ്പുകൾക്കായി തിരഞ്ഞെടുത്തിട്ടുള്ളത് സ്കൂളുകളും പഞ്ചായത്ത് ഹാൾ പോലുള്ള പൊതുവായ കെട്ടിടങ്ങളും ആണ്. കുടിവെള്ളം, പ്രാഥമിക ശുശ്രൂഷാ സൗകര്യം, പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളും ക്യാമ്പുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പുതിയ കാർഡുകൾ എന്നത്തേക്ക് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ഡി) | പുതിയ കാർഡുകൾ 01-07-15 മുതൽ നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഇ) | ക്യാമ്പുകളുടെ നടത്തിപ്പിനായി ഉദ്യോഗസ്ഥർ പണപ്പിരിവ് നടത്തിയതായി അറിയാമോ; ഇതിന് നിർദ്ദേശം നൽകിയിരുന്നോ? | (ഇ) | ക്യാമ്പുകളുടെ നടത്തിപ്പിനായി ഓരോ താലൂക്കിനും നിശ്ചിതമായ തുക പൊതുവിതരണ വകുപ്പ് നൽകിയിട്ടുണ്ട്. ക്യാമ്പിന്റെ നടത്തിപ്പിനായി പണപ്പിരിവ് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ